**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5774** **08-11-2021 - ൽ മറുപടിയ്ക്ക്**

**കോക്കോണിക്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ | | **Shri. P. Rajeeve**<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാന സർക്കാരിന്റെ തനത് ലാപ് ടോപ് സംരംഭമായ കോക്കോണിക്സ് വിജയപ്രദമായിരുന്നോയെന്ന് വ്യക്തമാക്കുമോ; | (എ) | ഇന്ത്യയിൽ തന്നെ ആദ്യമായി കമ്പ്യൂട്ടർ അധിഷ്ഠിത ഉൽപ്പന്നങ്ങളുടെ നിർമ്മാണത്തിനായി ആരംഭിച്ച സർക്കാർ സ്വകാര്യ സംയുക്ത സംരംഭമായ കോക്കോണിക്സ് ഒരു വിജയം തന്നെയാണ്. ഇതിനോടകം വികസിപ്പിച്ച ആറു ലാപ്ടോപ്പ് മോഡലുകൾക്ക് BIS സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്. കൂടാതെ ആദ്യ ഘട്ടത്തിൽ 72 ഓളം പേർക്ക് നേരിട്ടും 30 ഓളം പേർക്ക് പരോക്ഷമായും തൊഴിൽ നൽകുവാനും കോക്കോണിക്സിന് സാധിച്ചിട്ടുണ്ട്. |
| (ബി) | പ്രസ്തുത പദ്ധതി പ്രകാരം എത്ര ലാപ് ടോപ്പുകൾ നാളിതുവരെ നിർമ്മിച്ചിട്ടുണ്ടെന്നും ഇതിൽ എത്രയെണ്ണം വിറ്റഴിഞ്ഞിട്ടുണ്ടെന്നും ലാപ് ടോപ്പിന്റെ വില എത്രയാണെന്നും വ്യക്തമാക്കുമോ; | (ബി) | ഇതിനോടകം തന്നെ പതിനൊന്നായിരത്തോളം ലാപ്ടോപ്പുകൾ നിർമ്മിക്കുകയും വിറ്റഴിക്കുകയും ചെയ്തിട്ടുണ്ട്. 15000 രൂപ മുതൽ 90000 രൂപ വരെ വിലയുള്ള വ്യത്യസ്ത സ്പെസിഫിക്കേഷനുള്ള ലാപ്ടോപ്പുകൾ കോക്കോണിക്സ് പുറത്തിറക്കിയിട്ടുണ്ട്. |
| (സി) | പ്രസ്തുത ലാപ് ടോപ്പുകൾ സംബന്ധിച്ച് ഉണ്ടായ ഏറ്റവും പ്രധാനപ്പെട്ട പരാതി എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | (സി) | വിദ്യാശ്രീ പദ്ധതി വഴി നൽകിയ ലാപ്ടോപ്പുകളിൽ ചിലതിനു പവർ സ്വിച്ചുമായി ബന്ധപ്പെട്ട ചില പ്രശ്നങ്ങൾ കണ്ടെത്തിയിരുന്നു. അപ്രകാരം കേടുപാടുകൾ കണ്ടെത്തിയവ തിരിച്ചെടുക്കുകയും പകരം പുതിയ ലാപ്ടോപ്പുകൾ നൽകുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ലാപ് ടോപ്പുകൾ പ്രവർത്തനക്ഷമമല്ലാത്തതിനാൽ പദ്ധതി പരാജയപ്പെട്ടതിനെ തുടർന്ന് പുതിയ ലാപ് ടോപ് ഇറക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) | വിദ്യാശ്രീ പദ്ധതി മുഖേന വിതരണം ചെയ്തതിൽ പ്രവർത്തനക്ഷമമല്ലാതിരുന്ന ലാപ്ടോപ്പുകൾ തിരിച്ചെടുത്ത് പുതിയ ലാപ്ടോപ്പുകൾ നൽകിയിട്ടുണ്ട്. ഇത്തരത്തിലുള്ള സാങ്കേതിക പ്രശ്നങ്ങൾ ഇല്ലാത്ത പൂർണ്ണമായും പ്രവർത്തന-സജ്ജമായ പുതിയ ബാച്ച് ലാപ്ടോപ്പുകൾ ടി പദ്ധതി പ്രകാരം വിതരണം ചെയ്യുവാൻ തയ്യാറാണെന്ന് കോക്കോണിക്സ് കെ.എസ്.എഫ്.ഇ.യെ അറിയിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ